കോട്ടൂർ എ.യു.പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

POCO X7 Pro

# സ്കൂൾ വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | റവന്യൂ ജില്ല | : | കണ്ണൂർ |
| 2 | സ്കൂൾ കോഡ് | : | 13460 |
| 3 | സ്കൂളിന്റെ പേര് | : | കോട്ടൂർ എ.യു.പി സ്കൂൾ |
| 4 | മേൽവിലാസം | : | കോട്ടൂർ, ശ്രീകണ്ഠാപുരം |
| 5 | പിൻകോഡ് | : | 670631 |
| 6 | ഫോൺ നമ്പർ | : | 04602231030 |
| 7 | ഇ.മെയിൽ അഡ്രസ് | : | kotturaups@gmail.com |
| 8 | ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി | : | ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റി |
| 9 | വിദ്യാഭ്യാസ ജില്ല | : | കണ്ണൂർ |
| 10 | സബ്ജില്ല | : | ഇരിക്കൂർ |
| 11 | ക്ലാസുകൾ | : | 1 മുതൽ 7 വരെ |
| 12 | മാനേജ്മെന്റ് | : | വ്യക്തിഗത മാനേജ്മെന്റ് |
| 13 | പഠനമാധ്യമം | : | മലയാളം |

# ആമുഖം

കണ്ണൂർ ജില്ലയിൽ ഇരിക്കൂർ സബ്ജില്ലയിലെ ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റിയിലാണ് കോട്ടൂർ എ.യു.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്രവർത്തനങ്ങളും നടത്തിപ്പുകളുമാണ്. കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് മാനേജ്മെന്റ്, പി.ടി.എ, നാട്ടുകാർ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ പൂർണമായ സഹകരണം ഉറപ്പുവരുത്താൻ കഴിയുന്നു.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടാകുന്ന വർധനവ് സ്കൂളിന്റെ അക്കാദമികനിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണകരമായ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ

# ചരിത്രം

1950 ജൂണിൽ വിദ്യാലയം ഔദ്യോഗികമായി പ്രവർത്തനം തുടങ്ങി. സ്ഥലം അധികാരി ശ്രീ എം.ഒ നാരായണൻ നമ്പ്യാരുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ തല്പരരുടെ നേതൃത്വത്തിലാണ് വിദ്യാലയം ആരംഭിക്കുന്നതിനുള്ള പ്രവർത്തനം തുടങ്ങിയത്. പ്രസ്തുത പ്രവർത്തനത്തിന്റെ ഫലമായി 1950 ജൂൺ മാസം ആദ്യം സ്കൂൾ സ്ഥാപിതമായി. ഒരു താൽക്കാലിക ഷെഡിൽ ആണ് ആദ്യം തുടങ്ങിയത്. ശ്രീ കുദ്യാട്ട് നാരായണൻ നമ്പ്യാർ ശ്രീ മാവില കമ്മാരൻ നമ്പ്യാർ എന്നിവർ സ്ഥലം സംഭാവനയായി നൽകി. അതുപോലെ ആവശ്യമായ മരങ്ങളും നൽകിയാണ് താൽക്കാലിക ഷെഡ് നിർമ്മിച്ചത്. പ്രഥമ പ്രധാനധ്യാപകൻ ശ്രീ ഗോവിന്ദൻ മാസ്റ്റർ ആയിരുന്നു. കോട്ടൂർ എലിമെന്ററി സ്കൂൾ എന്ന പേരിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ശ്രീ സി.വി കൃഷ്ണൻ നമ്പ്യാർ ശ്രീ.വി.വി നാരായണൻ നമ്പ്യാർ എന്നിവർ ആരംഭകാലത്തെ അധ്യാപകരായിരുന്നു. 1954-55 അധ്യയന വർഷം ശ്രീ വി.വി നാരായണൻ നമ്പ്യാർ എലിമെന്ററി സ്കൂൾ കോട്ടൂർ എ.യു.പി സ്കൂൾ ആയി ഉയർത്തി പ്രവർത്തനം തുടർന്നു. യു.പി സ്കൂൾ ആയതുമുതൽ

ശ്രീ. കെ. വിഷ്ണു നമ്പൂതിരി പ്രധാനധ്യാപകൻ
ആയിരുന്നു. 1958-59 കാലഘട്ടത്തിൽ 8-10 തരം
വരെ യു.പി സ്കൂളിൽ പ്രവർത്തിച്ചിരുന്നു.
പിന്നാൽ 1961 ഓടെ യു.പി. സ്കൂളിൽ നിന്നും
പിടുത്തുമാറ്റി ഹൈസ്കൂളിനോട് ചേർത്തു.
യു.പി. സ്കൂൾ പൂർണമാകുമ്പോൾ 200 ലധികം
വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. വല്ലത്തില്ലത്തു
ഗണപതിയായിരുന്നു പ്രഥമ വിദ്യാർത്ഥി. ഒരു
സ്ഥിരം കെട്ടിടമുണ്ടാകുന്നത് 1954-55 വർഷത്തി
ലാണ്. പിന്നീട് മറ്റ് കെട്ടിടങ്ങളും നിർമ്മിച്ചു.
സ്കൂളിൽ ഇപ്പോൾ മതിയായ കെട്ടിട സൗകര്യ-
ങ്ങളുണ്ട്. ശ്രീ. കെ. വിഷ്ണുനമ്പൂതിരി റിട്ടയർ
ചെയ്തശേഷം 1985 ജൂൺ മുതൽ 1993 ജൂൺ
30 വരെ ശ്രീ. വി.ടി വിക്രമനുണ്ണി നായനാരായിരുന്ന
പ്രധാനധ്യാപകൻ. 1993 ജൂൺ മുതൽ 1994 മെയ്
വരെ ശ്രീ. ടി.സി ചെറിയാൻ ആയിരുന്ന ഹെഡ്മാസ്റ്റർ.
15-07-93 മുതൽ 9-10-95 വരെ ശ്രീ. ടി.ഡി. തോമസ്
ഇൻചാർജായി പ്രവർത്തിച്ചിട്ടുണ്ട്. 10.10.95 മുതൽ
31-05-2004 വരെ. ശ്രീ പി.എം.ഒ. മാധവൻമാസ്റ്ററും
9-06-2004 മുതൽ 31-05-2019 വരെ ടി.ഡി തോമസ്
മാസ്റ്ററും 01-06-2019 മുതൽ ശ്രീ. പി.എം.ഒ സഹ-
ദേവൻ മാസ്റ്ററും പ്രധാനധ്യാപകനായി തുടരുന്നു.

അക്കാദമിക വികസനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

1. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി
2 ഭാഷാശേഷി വികസനം
3. ഗണിതശേഷി വികസനം
4. ഇംഗ്ലീഷ് പഠനം- അനായാസകരമാക്കൽ
5. വായനാശേഷി വർദ്ധിപ്പിക്കൽ
6. പ്രതിഭാപോഷണ പരിപാടി
7. ലൈബ്രറി ശാക്തീകരണം
8. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
9. പഠനയാത്രകൾ
10. സ്കൂൾ പത്രം
11. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
12 ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
13 ശാസ്ത്ര- ഗണിതശാസ്ത്ര- സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയമേള
14. ഭാഷാ ശാസ്ത്ര ശില്പശാലകൾ
15 ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ

# മലയാളം

## ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (കൈത്താങ്ങ്) | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>3. പദനിർമാണം<br>4. വാക്യനിർമാണം<br>5. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള ക്ലാസ്. | ജൂലായ് മുതൽ ജനുവരി വരെ | മലയാളം അധ്യാപിക SRG | PTA |
| 2. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാമൂല ശാക്തീകരിക്കൽ | ആദ്യ മാസം | വിദ്യാരംഗം ചാർജ്ജ് | PTA |
| | 2. ക്ലാസ് ലൈബ്രറി നവീകരിക്കൽ | | | |
| | 3. പുതുവർഷം പുസ്തകപരിചയത്തിലൂടെ | ആവശ്യാനുസരണം | | |
| | 4. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ | . | മലയാളം അധ്യാപകർ | |
| | 5. സ്കൂൾ ലൈബ്രറി നവീകരണം | 1 വർഷം | | |
| | 6. റീഡിംഗ് കോർണർ സൗകര്യമൊരുക്കൽ | 1 വർഷം | മലയാളം അധ്യാപകർ | 10,000 |
| | 7. വായനോത്സവം | | | |
| | 8. ജന്മദിന പുസ്തകം സ്വീകരിക്കൽ | | | |

## ഉപമേഖല

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| 1. ചരിത്രാവബോധം വർദ്ധിപ്പിക്കുക. | പത്രവായന<br>പത്രമാധ്യമങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ | 3 മാസം | വിദ്യാരംഗം ഇൻ ചാർജ്. | PTA |
| | ഓരോ ക്ലാസിലെ ഓരോ പത്രം രാവിലെ പ്രധാന പത്ര-വാർത്തകളുടെ അവതരണം<br>പത്രക്വിസ്. | ദിവസേന<br>ആഴ്ചയിൽ ഒന്ന്. | മലയാളം അധ്യാപകർ | PTA |
| 2. സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവയ്ക്കൽ<br>സാഹിത്യ ക്വിസ് - രചനാ ശില്പശാല | വർഷത്തിൽ 1 തവണ | വിദ്യാരംഗം SRG | |
| | കവിതാലാപന മത്സരം. | മാസത്തിൽ 1 തവണ | വിദ്യാരംഗം SRG | |
| | ക്ലാസ് തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ. | മാസത്തിൽ 1 തവണ | | സ്പോൺസർ. |

| | | | | |
|---|---|---|---|---|
| | പുസ്തക ചർച്ച, പുസ്തകാസ്വാദനം | മാസത്തിൽ ഒരു തവണ | വിദ്യാരംഗം SRG | |
| | അമ്മമാർക്കൊരു പുസ്തകം | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം | PTA |

പ്രവർത്തനം - വിശദാംശങ്ങൾ

## ഇംഗ്ലീഷ്

ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | UP വിഭാഗം എല്ലാറ്റിലും | | |
| | 2. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറിമാറി ഓരോ ക്ലാസിനും ചുമതല. | മാസത്തിൽ 2 തവണ | ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി, ക്ലാസ് ടീച്ചർ | |
| | 3. ഇംഗ്ലീഷ് ക്ലബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - വിഷയസെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിലൊരു ദിവസം | | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം | 4. ഇംഗ്ലീഷ് കഥ, കവിത ഉത്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | വർഷത്തിലൊന്ന് | ഇംഗ്ലീഷ് ടീച്ചർ | 2,000 |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകം എന്നിവ ഉൾപ്പെടുത്തൽ | വർഷത്തിലൊരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷിനേടൽ | പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ് - സംഭാഷണം തുടങ്ങിയ രീതികൾ | 2 തവണ | ഇംഗ്ലീഷ് ടീച്ചർ | 1000 |
| | ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് ക്ലാസ് അധികസമയം കണ്ടെത്തി വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ. | ശാസ്ത്ര ജ്ഞാനൻ ലളിതമായ പരീക്ഷണങ്ങളിലൂടെ കുട്ടികളുടെ അവതരണം. | ഇടയ്ക്കിടെ | സയൻസ് ടീച്ചർ | |
| | സ്കൂൾതല സയൻസ് എക്സിബിഷൻ | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ്. | |
| ശാസ്ത്രമേളകളിൽ പങ്കാളിത്തം ഉറപ്പുവരുത്തൽ. | ശാസ്ത്രമേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | | സയൻസ് ക്ലബ്ബ്. | പി.ടി.എ |
| ശാസ്ത്ര ലാബ് നവീകരണം | | | | |
| ശാസ്ത്ര ലാബിന്റെ കാലാനുസൃതമായി നവീകരിക്കൽ. | ലാബ് ഒരുക്കൽ. | ജൂൺ മുതൽ | സയൻസ് ടീച്ചർ. | |
| പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക [illegible] | അധ്യാപകൻ, കുട്ടി കുട്ടി - അധ്യാപക കുട്ടി എന്നിങ്ങനെ ഗ്രൂപ്പ് തലത്തിൽ പഠിപ്പിക്കുന്നു [illegible] | മാസത്തിൽ ഒരിക്കൽ | സയൻസ് ടീച്ചർ. | |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ജൂൺ ഡിസംബർ | ഗണിതടീച്ചർ | |
| | ക്ലാസിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ - ഡിസംബർ | ഗണിതടീച്ചർ | |
| ഗണിത പഠനപ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിത പഠനോപകരണങ്ങൾ പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ലളിതമായി അവതരിപ്പിക്കുകയും ചെയ്യൽ | | | |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും മാതൃഭാഷ കൈകാര്യം ചെയ്യുന്നതു പോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പാക്കുക. | ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക.<br>കുട്ടികളെക്കൊണ്ട് ചെറു ചെറു വിഷയങ്ങളിൽ എഴുതുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക.<br>ഹിന്ദി പ്രസംഗം കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | | | |

POCO X7 Pro

# ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | |

## സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പ് മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ (LSS, USS) | L.SS USS സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനം ഉറപ്പുവരുത്തൽ | 3 മാസം | ക്ലാസ്ടീച്ചർ | |

## പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ ചുമർചിത്രങ്ങൾ ക്ഷേത്രകലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | 1 തവണ | അധ്യാപകർ | P.T.A |

POCO X7 P